(ബി) ഏതൊക്കെ തസ്തികകളിൽ എത്ര പേരെ വീതം നിയമിച്ചിട്ടുണ്ട്?

ഉത്തരം

(എ) തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ ഇതുവരെയായി 373 ഗസറ്റഡ് തസ്തികകളും 5747 നോൺ ഗസറ്റഡ് തസ്തികകളും ഗവൺമെൻറ് ഉത്തരവ് അനുസരിച്ച് സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി നിയമനം നടത്തുന്നതിന് റിസർവ്വ് ചെയ്തിട്ടുണ്ട്. ഇതിൽ 1-8-1977 വരെ 164 ഗസറ്റഡ് തസ്തികകളിലും 3989 നോൺ ഗസറ്റഡ് തസ്തികകളിലും സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി നിയമനം നടത്തിയിട്ടുണ്ട്.

(ബി) തസ്തിക തിരിച്ചുള്ള കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല.

മന്ത്രിമാരുടെ യാത്രപ്പടി

830. [1258] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ 6 മാസത്തിൽ സംസ്ഥാനത്തെ ഓരോ മന്ത്രിമാരുടേയും യാത്രപ്പടി എത്ര രൂപാ വീതം വരും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

സെക്രട്ടേറിയറ്റ് ക്ലറിക്കൽ അസിസ്റ്റൻറ് അസോസിയേഷൻറെ നിവേദനം

831. [1260] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സെക്രട്ടേറിയറ്റ് അസിസ്റ്റൻറ് ആൻറ് അറൻഡേഴ്സ് അസോസിയേഷനിൽനിന്ന് ഗവൺമെൻറിലേക്ക് ഒരു നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിൽ എത്ര ആവശ്യങ്ങളാണ് അവർ ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ നിവേദനത്തിൽ എന്തെങ്കിലും നടപടി എടുക്കുകയുണ്ടായോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാലാവശ്യങ്ങളാണ് ഉന്നയിച്ചിരുന്നത്.

(സി) സർക്കാരിൻറെ പരിഗണനയിലാണ്.

* അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[13.3.1979–ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 830 (1258) കാണുക]

സംസ്ഥാന മന്ത്രിമാർ 1978 സെപ്റ്റംബർ മുതൽ 1979 ഫെബ്രുവരി മാസം വരെ വാങ്ങിയ യാത്രപ്പടിയുടെ വിവരങ്ങൾ:

	രൂപ
1) ശ്രീ. പി. കെ. വാസുദേവൻ നായർ, മുഖ്യമന്ത്രി (1/79, 2/79 ഈ മാസങ്ങളിൽ ബിൽ സമർപ്പിച്ചിട്ടില്ല)	5257.10
2) ശ്രീ. കെ. എം. മാണി, ആഭ്യന്തരവകുപ്പ് മന്ത്രി (11/78 മുതൽ യാത്രപ്പടി ബിൽ സമർപ്പിച്ചിട്ടില്ല)	4330 95
3) ശ്രീ. ബേബിജോൺ, റവന്യൂവകുപ്പ് മന്ത്രി	11019.95
4) ശ്രീ. സി. എച്ച്. മുഹമ്മദ്കോയ, വിദ്യാഭ്യാസ വകുപ്പ് മന്ത്രി (2/79-ലെ ബിൽ സമർപ്പിച്ചിട്ടില്ല)	8924.50
5) ശ്രീ. കെ. പങ്കജാക്ഷൻ, പൊതുമരാമത്ത് വകുപ്പ് മന്ത്രി	6227.80
6) ശ്രീ. കെ. നാരായണക്കുറുപ്പ്, ട്രാൻസ്പോർട്ട് വകുപ്പ് മന്ത്രി (2/79-ൽ ബിൽ സമർപ്പിച്ചിട്ടില്ല)	8705.25
7) ശ്രീ. ടി. എസ്. ജോൺ, ഭക്ഷ്യവകുപ്പ് മന്ത്രി (2/79-ൽ ബിൽ സമർപ്പിച്ചിട്ടില്ല)	8718.35
8) ശ്രീ. പി. എസ്. ശ്രീനിവാസൻ, വ്യവസായ വകുപ്പ് മന്ത്രി	5413.55
9) ശ്രീ. എം. കെ. രാഘവൻ, തൊഴിൽ വകുപ്പ് മന്ത്രി	9086.80
10) ശ്രീ. ദാമോദരൻ കാളാശ്ശേരി, ഹരിജന ക്ഷേമ വകുപ്പ് മന്ത്രി (2/79 ൽ ബിൽ സമർപ്പിച്ചിട്ടില്ല)	8487.10
11) ശ്രീ. എ. എൽ. ജേക്കബ്, കൃഷിവകുപ്പ് മന്ത്രി (2/79-ൽ ബിൽ സമർപ്പിച്ചിട്ടില്ല)	5316.65
12) ശ്രീ. കെ. പി. പ്രഭാകരൻ, ആരോഗ്യ വകുപ്പു മന്ത്രി	7282.85
13) ശ്രീ. എസ്. വരദരാജൻ നായർ, ധനകാര്യ വകുപ്പ് മന്ത്രി	9021.95
14) ശ്രീ. കെ. അവുക്കാദർകുട്ടിനഹ, തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി (2/79-ലെ ബിൽ സമർപ്പിച്ചിട്ടില്ല)	5297.65
	103040.45

LIBRARY ARCHIVES Kerala Legislative Assembly

മുൻമന്ത്രിസഭ

	രൂപ
1) ശ്രീ. എ. കെ. ആൻറണി, മുഖ്യമന്ത്രി	970.60
2) ശ്രീ. ഇ. ജോൺജേക്കബ്, ഭക്ഷ്യവകുപ്പ് മന്ത്രി	ഇല്ല
3) ശ്രീ. ഉമ്മൻചാണ്ടി, തൊഴിൽ വകുപ്പ് മന്ത്രി	2793.80
4) ശ്രീ. കെ. ശങ്കരനാരായണൻ, കൃഷിവകുപ്പുമന്ത്രി	1107.90
5) ശ്രീ. എം. കെ. ഹേമചന്ദ്രൻ, ധനകാര്യവകുപ്പ് മന്ത്രി	1923.90
6) ശ്രീ. കെ. കെ. ബാലകൃഷ്ണൻ, ഹരിജനക്ഷേമ വകുപ്പ് മന്ത്രി	1803.85
7) ശ്രീ. പി. ജെ. ജോസഫ്, ആഭ്യന്തരവകുപ്പ് മന്ത്രി	1085.85
8) ശ്രീ. ജെ. ചിത്തരഞ്ജൻ, ആരോഗ്യവകുപ്പ് മന്ത്രി	5655.85
9) ശ്രീ. കെ. കുഞ്ഞമ്പു, വനംവകുപ്പ് മന്ത്രി	3361.95
10) ശ്രീ. യു. എ. ബീരാൻ, വിദ്യാഭ്യാസ വകുപ്പ് മന്ത്രി	2245.25
ആകെ	124189.20

ഇതിൽ വിദേശ യാത്രയുടെ ചെലവുകളും പ്രെയിൻചാർജും ഉൾപ്പെടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly